## പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3205 — 23.03.2015-ൽ മറുപടിക്ക്

# ശുചിത്വ കേരളം പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സണ്ണി ജോസഫ്<br>" പി.സി.വിഷ്ണുനാഥ്<br>" ലൂഡി ലൂയിസ്<br>" എം.പി.വിൻസെന്റ് | ഡോ. എം.കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി) |
| (എ) ശുചിത്വ കേരളം പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാം ;<br><br>(ബി) ഏതെല്ലാം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെയാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുളളത്; വിശദമാക്കുമോ; | (എ) & (ബി) സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളെയും ആവശ്യാധിഷ്ഠിതമായി ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ശുചിത്വ കേരളം പദ്ധതിയുടെ ഭാഗമായി താഴെപ്പറയുന്ന പരിപാടികളാണ് ആവിഷ്കരിച്ചിട്ടുളളത് :-<br>1. നഗരങ്ങളിലെ ശാസ്ത്രീയ ഖരമാലിന്യ പരിപാലനം.<br>2. ഗ്രാമപഞ്ചായത്തുകളിലെ ഖരമാലിന്യ പരിപാലനം<br>3. അറവുശാല മാലിന്യ സംസ്കരണം<br>4. ഖരമാലിന്യ സംവിധാനത്തിന്റെ പുനരുദ്ധാരണം<br>5. UIDSSMT പദ്ധതി<br>6. അറവുശാല നിർമ്മാണ നവീകരണം<br>7. സ്ഥാപനങ്ങൾക്ക് മാതൃക ദ്രവമാലിന്യ പരിപാലന പദ്ധതി<br>8. മാതൃകാ ദ്രവമാലിന്യ മാനേജ്മെന്റ് പരിപാടി - കോളനികൾക്ക്<br>9. വനിത ശുചിത്വ കോംപ്ളക്സ്, വിശ്രമ ശുചിത്വ സമുച്ചയം<br>10. ഗേൾ ഫ്രണ്ട്‌ലി ടോയിലറ്റ്, ശിശു സൗഹൃദ ടോയിലറ്റ്<br>11. മാലിന്യ മുക്ത കേരളം പ്രചരണം<br>12. സോഷ്യൽ റിയാലിറ്റി ഷോ - ഗ്രീൻ കേരള എക്സ്പ്രസ്സ്<br>13. നിർമ്മൽ ഗ്രാമപുരസ്കാരം ലഭിക്കുന്ന പഞ്ചായത്തുകളെ ആദരിക്കൽ<br>14. മാലിന്യ മുക്ത കേരള അവാർഡ് |

15. പഠന-വിവരണ ശേഖരണ പ്രവർത്തനം
16. ഐ.ഇ.സി / എച്ച്.ആർ.ഡി പദ്ധതി
17. ഖരമാലിന്യ പരിപാലനം

(സി) എന്തെല്ലാം പ്രവർത്തനങ്ങളാണ് പ്രസ്തുത പദ്ധതി പ്രകാരം ആവിഷ്കരിച്ചിട്ടുളളത്;

സി)

1. സംസ്ഥാനത്തെ കോർപ്പറേഷനുകളിലും മേജർ മുനിസിപ്പാലിറ്റികളിലും ഖരമാലിന്യ സംസ്കരണത്തിന് ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ചുകൊണ്ടുളള പ്ളാന്റുകൾ സ്ഥാപിക്കുന്നതിന് നടപടികൾ.
2. ചെറുതും ഇടത്തരവുമായ മുനിസിപ്പാലിറ്റികളിലെ നിലവിലുളള ഖരമാലിന്യ സംസ്കരണ സംവിധാനങ്ങളിലെ പോരായ്മകൾ പരിഹരിക്കുന്നതിനും അവയുടെ നിലവാരം ഉയർത്തുന്നതിനുമായി നടപടികൾ
3. ബൃഹത്തായ Information, Education and Communication (IEC) പ്രോഗ്രാമുകൾ സംസ്ഥാന തലത്തിൽ നടപ്പിലാക്കൽ
4. സംസ്ഥാനത്തെ അഞ്ച് കോർപ്പറേഷനുകളിലും 30 മേജർ മുനിസിപ്പാലിറ്റികളിലും ഖരമാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്ക് ഓരോ അസിസ്റ്റന്റ് എഞ്ചിനീയർമാരെ (എൻവയോൺമെന്റൽ) നിയമിക്കാനുളള നടപടികൾ.
5. ഖരമാലിന്യ സംസ്കരണം സ്വമേധയാ നടപ്പാക്കുന്ന സ്വകാര്യ വ്യക്തികൾക്കുളള സബ്സിഡി നിരക്ക് വർദ്ധിപ്പിക്കുന്നതിനും. അതുമായി ബന്ധപ്പെട്ട് നഗര പ്രദേശങ്ങളിലേക്കുളള ഫണ്ട് വർദ്ധിപ്പിക്കുന്നതിതിനുമായിട്ടുളള നടപടികൾ
6. ശുചിത്വ മിഷൻ ശക്തിപ്പെടുത്തുന്നതിനുളള നടപടികൾ.
7. പുതുതായി ആരംഭിച്ച 7 മുനിസിപ്പാലിറ്റികളിലെ ഖരമാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്കായി

ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുളള 10കോടി രൂപ വിനിയോഗിക്കുക

8. ഗ്രാമ പഞ്ചായത്തുകളിൽ ഖരമാലിന്യ സംസ്കരണത്തിന് ശുചിത്വ മിഷൻ മുഖേന സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) പദ്ധതിയിൽ നിന്നുളള തുക ഉപയോഗിച്ച് സാമ്പത്തിക സഹായം നൽകുക
9. തിരുവനന്തപുരം, കൊല്ലം, എറണാകുളം, കോഴിക്കോട്. നഗരസഭകളിൽ സ്ഥാപിക്കുന്ന സ്വിവറേജ് ട്രീറ്റ്മെന്റ് പ്ളാന്റുകളുടെ ഭാഗമായി സെപ്റ്റേജ് ട്രീറ്റ്മെന്റ് സംവിധാനം കൂടി ഉൾപ്പെടുത്തുന്നതിനും ബാക്കിയുളള ഓരോ ജില്ലയിലും ഓരോ സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ളാന്റ് ആരംഭിക്കുന്നതിനും നടപടികൾ
10. നാലു നിലകളിൽ കൂടുതലുളള റസിഡൻഷ്യൽ അപ്പാർട്ടുമെന്റുകൾ, കമേഴ്സ്യൽ എസ്റ്റാബ്ളിഷ്മെന്റുകൾ, കമ്മ്യൂണിറ്റി ഹാളുകൾ, ഹോട്ടലുകൾ എന്നിവിടങ്ങളിലെ ഖരമാലിന്യ സംസ്കരണം നിർബന്ധമാക്കിയും ആയതിന് ബിൽഡിംഗ് റൂൾസിൽ ഉചിതമായ ഭേദഗതി വരുത്തുന്നതിന് നടപടികൾ
11. ദ്രവമാലിന്യ നിർമ്മാർജ്ജനത്തിനായി അറിയപ്പെടുന്ന അന്തർദേശീയ വിദഗ്ധരുമായി ചർച്ച ചെയ്ത് എത്രയും വേഗം നയം രൂപീകരിക്കുക

ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ ?

ഡി) 2000-ാണ്ടിലെ മുനിസിപ്പൽ സോളിഡ് വേസ്റ്റ് (മാനേജ്മെന്റ് ആന്റ് ഹാന്റ്ലിംഗ് റൂൾസ്) പ്രകാരം എല്ലാ നഗരസഭകളിലും സയോജിത ഖരമാലിന്യ പദ്ധതി നടപ്പിലാക്കേതിന്റെ ഭാഗമായി സംസ്ഥാനത്ത് 53 നഗരസഭകളും പദ്ധതി തയ്യാറാക്കുകയും മിഷൻ അതിന് സാങ്കേതിക അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. മൊത്തം 45.14 കോടി രൂപ അടങ്കൽ തുക വരുന്ന പദ്ധതിക്ക് 16.79 കോടി രുപ ഭാഗിക സാമ്പത്തിക സഹായം നൽകുകയുണ്ടായി. ഇതിന്റെ ഫലമായി 25 നഗരസഭകളിൽ ഖരമാലിന്യ സംസ്ക്കരണ പ്ലാന്റ് പ്രവർത്തിക്കുന്നു. ഇതുകൂടാതെ ഈ പദ്ധതി കാലയളവിൽ 8 മുനിസിപ്പാലിറ്റികളിൽ ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിനും 3 മുനിസിപ്പാലിറ്റികളിൽ ഖരമാലിന്യ സംസ്ക്കരണ ശാലകളിൽ യന്ത്രസാമഗ്രികൾ സ്ഥാപിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

ശുചിത്വ കേരളം മാലിന്യമുക്ത കേരളം പരിപാടിയുടെ ഭാഗമായി ഉറവിടമാലിന്യ സംസ്കരണ പദ്ധതിയ്ക്ക് 661 ഗ്രാമ പഞ്ചായത്തുകളിലെയും 60 നഗര സഭകളിലെയും പ്രോജക്ടുകൾക്ക് സാങ്കേതികാനുമതി നല്കുകയും യഥാക്രമം 2296 ലക്ഷം രൂപ ഗ്രാമ പഞ്ചായത്തുകൾക്കും 1729.99 ലക്ഷം രൂപ നഗരസഭകൾക്കും സബ്സിഡി ഇനത്തിൽ 2011-12, 2012-13 സാമ്പത്തിക വർഷത്തിൽ അനുവദിക്കുകയുണ്ടായി. പ്രസ്തുത പ്രോജക്ടുകളുടെ നിർവ്വഹണം അതാതു തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ നടത്തി വരുന്നു. ഗ്രാമപഞ്ചായത്തുകളിൽ ഖരമാലിന്യ സംസ്കരണത്തിന് ശുചിത്വമിഷൻ മുഖേന കേന്ദ്രാവിഷ്കൃത പദ്ധതിയായ മുൻ സമ്പൂർണ്ണ ശുചിത്വ യജ്ഞം പദ്ധതിയിൽ നിന്നും ലഭ്യമായ തുകയും വിനിയോഗിച്ചു വരുന്നു. കൂടാതെ സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) പദ്ധതിയുടെ ഭാഗമായി ഖര-ദ്രവ മാലിന്യ മാനേജ്മെന്റ് ഘടകത്തിൽ നിന്നും സംസ്ഥാനത്തെ

എല്ലാ ഗ്രാമപഞ്ചായത്തുകളിലും ഖരദ്രവ മാലിന്യ സംസ്കരണ സംവിധാനങ്ങൾ (ഗാർഹികവും, കമ്മ്യൂണിറ്റി തല പ്രോജക്ടുകളും) പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടി ഒരു ഗ്രാമപഞ്ചായത്തിന് പരമാവധി 20 ലക്ഷം രൂപ സഹായമായി ലഭ്യമാക്കുന്നതരത്തിൽ കേന്ദ്രഫണ്ടിന്റെ ലഭ്യതയനുസരിച്ച് പ്രോജക്ടുകൾക്ക് സഹായം നൽകി വരുന്നുണ്ട്.

തിരുവനന്തപുരം, കൊല്ലം, എറണാകുളം, കോഴിക്കോട് നഗരസഭകളിൽ സ്ഥാപിക്കുന്ന സ്വിവറേജ് ട്രീറ്റ്മെന്റ് പ്ളാന്റുകളുടെ ഭാഗമായി സെപ്റ്റേജ് ട്രീറ്റ്മെന്റ് സംവിധാനം കൂടി ഉൾപ്പെടുത്തുന്നതിനും ബാക്കിയുളള ജില്ലകൾക്കു വേണ്ടി ഓരോ സ്റ്റാൻഡേർഡ് എലോൺ സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ളാന്റ് സ്ഥാപിക്കുന്നതിനും സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

നാല് നിലകളിൽ കൂടുതലുളള റസിഡന്റ്സ് അപ്പാർട്ടുമെന്റുകൾ തുടങ്ങിയ ഇടങ്ങളിൽ ഖരമാലിന്യ സംസ്കരണം നിർബന്ധമാക്കി ബിൽഡിംഗ് റൂൾസിൽ ഭേദഗതി വരുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ